**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **31-08-2022 - ൽ മറുപടിയ്ക്ക്**

**കണക്ക് കരിയർ ടു കാമ്പസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ കാലത്ത് തന്നെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് അസാപ് കേരളയും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി കണക്ക് കരിയർ ടു കാമ്പസ് പ്രചാരണം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം വ്യാവസായിക – തൊഴിൽ മേഖലകളിലെ അവസരങ്ങളും ആവശ്യങ്ങളും മനസിലാക്കി വിദ്യാർത്ഥി സമൂഹത്തെ തൊഴിൽ സജ്ജരാക്കുന്നതിനായി ക്യാമ്പസുകളെ തൊഴിലിടങ്ങളാക്കുന്ന 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' പോലുള്ള പരിപാടികൾ ഉയർന്ന വിജ്ഞാന തൊഴിലുകൾ, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്, ഫ്രീലാൻസ് എന്നിവയും ഇതിന്റെ ഭാഗമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽവകുപ്പിന്റെയും സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐടിഐ കൾ, മറ്റ് നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ എന്നിവയെ ലക്ഷ്യം വച്ചാണ് ഈ ക്യാമ്പയിൻ നടത്തുന്നത്.<br><br>വിദ്യാഭ്യാസവും വ്യവസായ ആവശ്യവും തമ്മിലുള്ള വിടവ് നികത്തുന്നതിനും അതുവഴി പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനുമായി വ്യാവസായിക ആവശ്യങ്ങളേയും യോഗ്യതയുള്ള വിദഗ്ധരായ അപേക്ഷകരെയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ ഈ ക്യാമ്പയിൻ ശ്രമിക്കുന്നു. അഞ്ച് വർഷം കൊണ്ട് നാൽപത് ലക്ഷം യുവജനങ്ങൾക്ക് പരിശീലനവും ഇരുപത് ലക്ഷം പേർക്ക് തൊഴിലും നൽകി കേരളത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റു |

| | | | |
|---|---|---|---|
| | | | നൈപുണ്യ പരിശീലന സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ പരിശീലനം, മെന്ററിംഗ്, ഹ്രസ്വകാല നൈപുണ്യ പരിശീലനങ്ങൾ എന്നിവ നൽകുന്നതിലൂടെ തൊഴിൽസജ്ജരായ ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുകയും പഠനം പൂർത്തിയാക്കുന്നതിനൊപ്പം തൊഴിലിലേക്ക് എത്തുന്നത് വരെ ഒരു പിന്തുണാസംവിധാനമായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് കേരള നോളജ് ഇക്കണോമി മിഷന്റെ (KKEM) ലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കായി ഒരു കേന്ദ്രീകൃത സംവിധാനമായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ സംവിധാനമാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS). ഉദ്യോഗാർത്ഥികൾക്ക് ഈ സംവിധാനത്തിൽ ലഭ്യമായ സേവനങ്ങളും തൊഴിൽ വൈദഗ്ധ്യ നേടുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഇൻഡസ്ട്രി ബന്ധവും ലഭ്യമാക്കുക എന്നതാണ് കണക്ട് കരിയർ ടു ക്യാമ്പസ് എന്ന ക്യാമ്പയിന് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (ബി) | വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം കൈവരിക്കാൻ അസാപ് കേരള ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തിരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും, 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെ ആണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലൗഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 133 ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ |

| | | | |
|---|---|---|---|
| | | | ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ് മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു. |
| (സി) | സംസ്ഥാനത്ത് സ്കിൽ എക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്, അസാപ് കേരളയെ അസെസ്സ്മെന്റ് ഏജൻസിയായും അവാർഡിംഗ് ബോഡിയായും നിശ്ചയിച്ചിട്ടുണ്ടോ; അസാപ് കേരളയുടെ പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ? | (സി) | സംസ്ഥാന സ്കിൽ എക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് കേന്ദ്ര തൊഴിൽ നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗ്, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയെ അസ്സെസ്സ്മെന്റ് ഏജൻസിയായും അവാർഡിങ് ബോഡിയായും നിശ്ചയിച്ചിട്ടുണ്ട്. ദേശീയ തലത്തിലുള്ള 'ഡ്യൂവൽ റെക്കഗ്നിഷൻ' പദവിയാണ് ഇതിലൂടെ ലഭിച്ചത്. കഴിഞ്ഞ പത്തു വർഷങ്ങളായുള്ള വ്യത്യസ്ത തൊഴിൽ മേഖലകളിലുള്ള അസാപ് കേരളയുടെ തൊഴിൽ നൈപുണ്യ പരിശീലനം ഇതിലൊരു പ്രധാന നേട്ടമാണ്. രാജ്യത്തെ മുഴുവൻ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യൂ.എഫ് നിലവാരത്തിലേക്കു ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ സ്കിൽ എകോ സിസ്റ്റം സൃഷ്ടിച്ചെടുക്കാനുള്ള ദൗത്യമാണ് അസാപ് കേരള വഹിക്കുക. കേരളത്തിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ മികവിനും ഏകോപനത്തിനും ഇത് വളരെ ഉപകരിക്കും. ഇത്തരമൊരു അംഗീകാരം ലഭിച്ച സംസ്ഥാനത്തെ ഏക ഏജൻസിയാണ് അസാപ് കേരള. ഇതിലൂടെ സംസ്ഥാനത്തെ തൊഴിൽ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ അസാപ് കേരളയിലൂടെ അക്രെഡിറ്റ് ചെയ്യുവാനും, അവരുടെ കോഴ്സുകൾ അഫിലിയറ്റ് ചെയ്യുവാനും അതിലൂടെ ഇവയുടെ മികച്ച പ്രവർത്തനവും ഗുണമേന്മയും ലക്ഷ്യമിടുന്നു.<br><br>അസാപ് കേരളയുടെ പ്രധാന നേട്ടങ്ങൾ<br><br>1. നീതി ആയോഗിന്റെ ബെസ്റ്റ് പ്രാക്ടീസ്<br><br>ഇൻ സ്കില്ലിങ്ങ് പരാമർശം<br><br>2. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ<br><br>ജെൻഡർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയ<br><br>മികച്ച പ്രൊജക്ടിനുള്ള അംഗീകാരം<br><br>3. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2022 പ്രത്യേക<br><br>പരാമർശം എന്നിവയാണ്. |

സെക്ഷൻ ഓഫീസർ